# പ്ലാച്ചിമടയിൽ കോളകമ്പനി ദുരന്തം വിതക്കുന്നതായി അന്വേഷണറിപ്പോർട്ട്

**പാലക്കാട് ബ്യൂറോ**

പാലക്കാട്: പ്ലാച്ചിമടയിലെ ഭൂഗർഭജലമുൾപ്പെടെയുള്ള ശുദ്ധജലസമ്പത്ത് കൊക്കകോള കമ്പനി യഥേഷ്ടം ചൂഷണം ചെയ്യുകയാണെന്ന് അന്വേഷണറിപ്പോർട്ട്. ഇതുമൂലം സമീപവാസികളുടെ കിണറുകളിൽ ജലനിരപ്പ് താഴുകയും ഉള്ള ജലം തന്നെ മലിനമാകുകയും കൃഷി അസാധ്യമാകുകയും ചെയ്തതായി ബോധ്യപ്പെട്ടതായി റിപ്പോർട്ടിൽ പറയുന്നു. ഏതാനും ടാങ്കർ ലോറികളിൽ കുറച്ചുകാലത്തേക്ക് കുടിവെള്ളമെത്തിക്കുന്ന കമ്പനിയുടെ 'ഉദാര' പ്രവർത്തനങ്ങൾ ജനങ്ങളുടെ ശുദ്ധജലസ്രോതസ്സുകൾക്കുമേൽ നടത്തുന്ന കൊള്ളക്ക് പരിഹാരമോ പ്രായശ്ചിത്തമോ ആകുന്നില്ലെന്നും റിപ്പോർട്ട് അടിവരയിട്ടുപറയുന്നു.

പാലക്കാട് ജില്ലയിൽ കൊക്കകോള, പെപ്സികോള കമ്പനികൾ ഉയർത്തുന്ന പാരിസ്ഥിതിക-സാമൂഹിക പ്രശ്നങ്ങൾ അന്വേഷിക്കുന്നതിന് യുവജനവേദി നിയോഗിച്ച കമ്മീഷനാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ഡോ. എ. അച്യുതൻ അധ്യക്ഷനായ കമ്മീഷനിൽ, പ്രൊഫ. എം. കെ. പ്രസാദ്, പ്രൊഫ.കെ. ശ്രീധരൻ, കെ.ടി. കുഞ്ഞിക്കണ്ണൻ, പി.കെ. വേണുഗോപാലൻ എന്നിവർ അംഗങ്ങളാണ്.

പ്രതിദിന ജലവിനിയോഗത്തെസ്സംബന്ധിച്ച് കമ്പനി അവതരിപ്പിക്കുന്ന കണക്കുകൾ അവിശ്വസനീയമാണ് എന്ന് റിപ്പോർട്ടിൽ പറയുന്നു. ഏതാണ്ട് ഇരുപതിനായിരം പേർക്കുപയോഗിക്കാവുന്ന ശുദ്ധജലം കമ്പനി ഒരു ദിവസം ചോർത്തിയെടുക്കുകയാണ്. ഇന്നത്തെ തോതിലുള്ള ജലചൂഷണം തുടർന്നാൽ ദീർഘകാലാടിസ്ഥാനത്തിലുള്ള കാർഷികത്തകർച്ചക്ക് ഇവിടെ വഴിയൊരുങ്ങുമെന്ന് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. വൻതോതിലുള്ള ഭൂഗർഭജലഖനനം പ്രദേശത്തെ വെള്ളത്തിന്റെ അമ്ലത വർധിപ്പിക്കും. പാറക്കെട്ടുകളിലെ ലവണങ്ങൾ വെള്ളത്തിൽ ലയിക്കാനും അതിനെ കൂടുതൽ മലിനമാക്കാനും കാരണമാകുമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കമ്പനിയിൽ നിന്നും പുറന്തള്ളുന്ന ഖരമാലിന്യങ്ങൾ വളമാണെന്ന് അവകാശപ്പെടുന്നത് സംശയാസ്പദമാണെന്ന് റിപ്പോർട്ട് പറയുന്നു.

കമ്പനി പ്രവർത്തനമാരംഭിക്കുന്നതിന് മുൻപ് പാരിസ്ഥിതിക ആഘാത പത്രിക തയ്യാറാക്കിയെന്ന് അധികൃതർ അവകാശപ്പെടുന്നുണ്ടെങ്കിലും വിശ്വസനീയമായ രേഖകൾ ഹാജരാക്കാൻ കമ്പനിക്കായിട്ടില്ലെന്ന് റിപ്പോർട്ടിൽ പരാമർശമുണ്ട്.